**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5069** **04-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ലിംഗസമത്വ ആശയങ്ങൾ വളർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ലിംഗനീതി, ലിംഗസമത്വം, ലിംഗാവബോധം എന്നിവ വളർത്താനാവശ്യമായ ഉള്ളടക്കം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. ലിംഗ നീതിയിലും ലിംഗ സമത്വത്തിലും ലിംഗാവബോധത്തിലും അധിഷ്ഠിതമായ വിദ്യാഭ്യാസം മെച്ചപ്പെട്ട സാമൂഹിക വ്യവസ്ഥയും വികസനവും ഉറപ്പാക്കുന്നതിന് വഴിയൊരുക്കുമെന്നതിനാൽ ഇവ കുട്ടികളിൽ വളർത്താനാവശ്യമായ ഉള്ളടക്കം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രത്യേക ലിംഗ വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നതുകൊണ്ട് വിവേചനങ്ങളും അതിക്രമങ്ങളും നേരിടേണ്ടി വരുന്ന അവസ്ഥ സമൂഹത്തിൽ ഉണ്ടായാൽ വികസനത്തിലും സാമൂഹികാരോഗ്യത്തിലും മുന്നിലെത്താൻ കഴിയില്ല. വിവേചനങ്ങളെ ഇല്ലാതാക്കുന്ന ഉള്ളടക്കങ്ങൾ, ചിത്രീകരണങ്ങൾ, ഭാഷ, പെരുമാറ്റങ്ങൾ എന്നിവ പാഠ്യപദ്ധതി, പാഠപുസ്തകം, വിനിമയ പ്രക്രിയ, വിദ്യാലയ അന്തരീക്ഷം എന്നിവയിൽ ഉണ്ടാകേണ്ടതുണ്ട് എന്ന ആവശ്യകത തിരിച്ചറിഞ്ഞാണ് ഈ വിഷയങ്ങളെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ആശയം മുൻനിർത്തി പാഠ്യപദ്ധതി രൂപീകരണത്തിൽ എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിൽ 26 വിഷയങ്ങളെ അധികരിച്ച് ഫോക്കസ് ഗ്രൂപ്പ് രൂപീകരിച്ചിരിക്കുന്നു. ആയതിൽ ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ഒരു പ്രധാനവിഷയമായി ഉൾപ്പെടുത്തിയിരുന്നു. വിഷയവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ തുടങ്ങി സമൂഹത്തിലെ നാനാതുറകളിൽ ഉൾപ്പെട്ടവരെ ഉൾച്ചേർത്ത് ജനകീയ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് സമീപനരേഖ തയ്യാറാക്കുകയും കുട്ടികളുടെ അനുഭവത്തിനും അറിവിനും അനുസരിച്ചുള്ള പാഠഭാഗങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്കൂളുകളിൽ ലിംഗസമത്വം എന്ന ആശയം മുൻ നിർത്തി ബോയ്സ്-ഗേൾസ് സ്കൂളുകൾ മിക്സഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകൾ ഇത്തരത്തിൽ മിക്സഡ് സ്കൂളാക്കി മാറ്റിയിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ലിംഗസമത്വം ഉറപ്പുവരുത്തുക, സഹവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്ന ആശയം അടിസ്ഥാനപ്പെടുത്തി ബോയ്സ്/ഗേൾസ് സ്കൂളുകൾ മിക്സഡ് സ്കൂളാക്കി മാറ്റിയിട്ടുണ്ട്. സ്കൂളുകളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ